പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1515 | 16.03.2015 ൽ മറുപടി നല്കേണ്ടിയിരുന്നത്

## സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ചെറുകിടകർഷക സമൂഹത്തിന് സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; | (എ) ഉണ്ട്. 24-01-2014- ൽ 2014-2015- ലേയ്ക്കുള്ള ബജറ്റ് പ്രഖ്യാപനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ചെറുകിടകർഷകർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് സർക്കാർഭരണാനുമതി നല്കുകിയത് എപ്പോഴായിരുന്നു ; | (ബി) ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) സംസ്ഥാനത്ത് എത്ര കർഷകർ പദ്ധതിയിൻ കീഴിൽ വന്നിട്ടുണ്ട് ; പ്രീമിയം തുകയുടെ എത്ര ശതമാനം സർക്കാർ അടച്ചു ; | (സി) പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി പ്രീമിയം സംബന്ധിച്ച കൂടിയാലോചനകൾ നടന്നു വരുന്നു. |
| (ഡി) 2014-15 ബഡ്ജറ്റിൽ ഇതിന് മാത്രമായി വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; അതിൽ പ്രീമിയം ഇനത്തിൽ ഇതിനകം ചെലവായ തുക എത്ര ; എത്ര കർഷകർക്ക് സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഫലം ലഭിക്കുകയുണ്ടായി ? | (ഡി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**